GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/10/2026

1. റബ്ബർ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ കർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. 2026-ൽ പരമ്പരാഗത മേഖലയിൽ കൃഷിചെയ്തവർക്ക് കേന്ദ്രസർക്കാരിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ നവംബർ 6 വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. 'സർവ്വീസ് പ്ലസ്' പോർട്ടലിലേക്ക് റബ്ബർബോർഡ് വെബ്സൈറ്റിലെ ഇ- സർവീസസ് മെനു വഴി ലോഗിൻ ചെയ്യുതുവേണം

അപേക്ഷകൾ സമർപ്പിക്കാൻ. ഹെക്ടറിന് 40,000 രൂപയാണ് ധനസഹായനിരക്ക്. റബ്ബറുത്പാദകസംഘങ്ങളിലെ സമൂഹസംസ്കരണശാലകളുടെ നവീകരണത്തിനും മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമാണത്തിനും നിലവിലുള്ള സമൂഹസംസ്കരണശാലകളിൽ കൂടുതൽ പുകപ്പുരകൾ നിർമിക്കുന്നതിനുമുള്ള സാമ്പത്തികസഹായം, റബ്ബർപാൽ ശേഖരണത്തിനും ഡി.ആർ.സി. പരിശോധിക്കുന്നതിനുമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തികസഹായം, കാർഷിക യന്ത്രവത്കരണത്തിനായി സ്പ്രേയറുകളും ഡസ്റ്ററുകളും വാങ്ങുന്നതിനുള്ള സാമ്പത്തികസഹായം റബ്ബറുത്പാദകസംഘങ്ങൾ. സ്വയം സഹായ ഗ്രൂപ്പുകൾ (SHGs), റബ്ബർ ടാപ്പേഴ്സ് ഗ്രൂപ്പുകൾ (RTGs). ലേബർ ഗ്രൂപ്പുകൾ (LGs) തുടങ്ങിയവയുടെ രൂപവത്കരണത്തിനുള്ള സാമ്പത്തികസഹായം, തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ 'സർവ്വീസ് പ്ലസ്' പോർട്ടലിലൂടെ നവംബർ 13 വരെ സമർപ്പിക്കാവുന്നതാണ്. റെയിൻഗാർഡിങ്, സ്പ്രേയിങ് എന്നിവയ്ക്കുള്ള പദ്ധതികൾ പ്രകാരം സാമ്പത്തികസഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 30 വരെ നീട്ടി. വിശദവിവരങ്ങൾ റബ്ബർബോഡിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോഡ് റീജണൽ ഓഫീസുകൾ, ഫീൽഡ്

സ്റ്റേഷനുകൾ, റബ്ബർബോർഡ് കോൾസെന്റർ നമ്പറായ 0481-2576622 എന്നീവയുമായി ബന്ധപ്പെടാം.

2. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് ഒക്ടോബർ 27, 28, 29 തീയതികളിൽ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ലാബ് അസിസ്റ്റന്റ്, പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് എന്നിവർക്കായി പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിന് താൽപര്യമുള്ളവർ ഒക്ടോബർ 23 ന് വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ 0495-2414579 എന്ന ഫോൺ നമ്പറിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിന്റെ പകർപ്പ് പരിശീനത്തിന് എത്തുന്നവർ ഹാജരാക്കേണ്ടതാണ്.

3. മൃഗസംരക്ഷണ മേഖലയിൽ മികച്ച പ്രവർത്തനം നടത്തുന്ന കർഷകർക്കുള്ള സംസ്ഥാനതല-ജില്ലാതല അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.adh.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ ഒക്ടോബർ 22 ന് മുൻപായി ബന്ധപ്പെട്ട സർക്കാർ മൃഗാശുപത്രികളിൽ സമർപ്പിക്കണം.

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പന്നി വളർത്തൽ** എന്ന വിഷയത്തിൽ **ഒക്ടോബർ 30,31** തീയതികളിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രം കണ്ണൂരിൽ വച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0497 2763473 എന്ന നമ്പറിൽ ബന്ധപ്പെടുക.

5. കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ അഗ്രികൾച്ചർ മിഷന്റെ ഭാഗമായി നടപ്പാക്കുന്ന അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രിയിൽ നേരത്തെ രജിസ്റ്റർ ചെയ്ത് ഫാർമർ ഐഡി നേടിയ കർഷകർ, തങ്ങളുടെ പേരിലുള്ള മുഴുവൻ കൃഷിഭൂമികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്ട്രി അപ്ഡേറ്റ് ചെയ്യണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അറിയിച്ചു. പ്രാരംഭഘട്ടത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് തങ്ങളുടെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും ഒരു കൃഷിഭൂമിയുടെ വിവരങ്ങൾ മാത്രമേ രജിസ്ട്രിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നുള്ളൂ. നിലവിൽ, കർഷകരുടെ പേരിലുള്ള മറ്റ് കൃഷിഭൂമികളുടെ വിവരങ്ങൾ കൂടി ചേർക്കുന്നതിനുള്ള സൗകര്യം അഗ്രിസ്റ്റാക്ക് പോർട്ടലിലും ആപ്ലിക്കേഷനിലും ലഭ്യമാണ്. അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രിയിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കർഷകർ എത്രയും വേഗം രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. കൃഷിഭൂമിയുടെ വിവരങ്ങൾ

സ്വയം ചേർക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുന്ന യൂസർ മാനുവൽ കൃഷി വകുപ്പിന്റെ വെബ്-സൈറ്റിൽ ലഭ്യമാണ്. മാനുവലിന്റെ സഹായത്തോടെ കർഷകർക്ക് തങ്ങളുടെ വിവരങ്ങൾ സ്വയം ചേർക്കുകയോ തിരുത്തുകയോ ചെയ്യാം. കൂടാതെ, സമീപത്തെ അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവീസ് സെന്ററുകൾ (CSC), കൃഷിഭവനുകൾ എന്നിവയുടെ സേവനവും പ്രയോജനപ്പെടുത്താം.